**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ശമ്പള പരിഷ്കരണം -സർവ്വീസ് വെയിറ്റേജ്- തുക തിരിച്ച പിടിക്കുന്നത്- ശ്രീ.മുഹമ്മദാഷിം ഫയൽ ചെയ്ത WP(C) No.20416/17 മേലുള്ള ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ)നം.4052/2017/തസ്വഭവ. തിരുവനന്തപുരം, തീയതി:15/12/2017**

---

പരാമർശം:- 1. 26.02.2011 ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(പി) 85/2011/ഫിൻ ഉത്തരവ്

2. 20.06.2017 തീയതിയിലെ WP(C) No.20416/17 ലെ മേലുള്ള ഹൈക്കോടതി ഉത്തരവ്

3. 22.09.2006 തീയതിയിലെ സ.ഉ(സാധാ)നം. 2265/2006/തസ്വഭവ ഉത്തരവ്

<u>ഉത്തരവ്</u>

പരാമർശം( 1)പ്രകാരം ജൂലൈ 2009 മുതൽ പ്രാബല്യത്തിൽ വന്ന ശമ്പള പരിഷ്കരണത്തെ ആസ്പദമാക്കി ഫയൽ ചെയ്ത WP(C)no.20416/17 യിൽ ശ്രീ.മുഹമ്മദാഷിം-ന്റെ ആവശ്യം പരിഗണിച്ച് തീർപ്പാക്കണമെന്ന പരാമർശം 2 ലെ ഉത്തരവിൽ ബഹു. ഹൈക്കോടതി നിർദ്ദേശിച്ച പ്രകാരം 16-8-17 തീയതിയിൽ പരാതിക്കാരനെ നേരിൽ കേൾക്കുകയുണ്ടായി. ശ്രീ.മുഹമ്മദാഷിം ഉന്നയിച്ച അഭിപ്രായങ്ങളും ടി സർക്കാർ ഉത്തരവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ നടത്തിയ വിലയിരുത്തലുകളും ചുവടെ ചേർത്തിരിക്കുന്നു.

ശ്രീ.മുഹമ്മദാഷിം 9-6-89 മുതൽ 13-2-97 വരെ (7yrs,7months,27 days) ആരോഗ്യ വകുപ്പിൽ എൽ.ഡി.സി ആയി അനുഷ്ഠിച്ച സേവനം കൂടി കണക്കിലെടുത്തു ശമ്പള നിർണ്ണയം നടത്തിയതു ക്രമവിരുദ്ധമാണെന്നും തദനുസരണം കൈപ്പറ്റിയ അധിക തുക തിരികെ പിടിക്കണമെന്നും ഉള്ള ഉത്തരവിനെതിരെയാണ് ടിയാൻ കോടതിയിൽ പരാതി സമർപ്പിച്ചത്. 14-2-1997 മുതൽ അസിസ്റ്റന്റ് ഗ്രേഡ് II ആയി ട്രിഡയിൽ സേവനം ചെയ്തിട്ടുള്ള ശ്രീ.മുഹമ്മദാഷിം ഇപ്പോൾ സീനിയർ ഗ്രേഡ് അസിസ്റ്റന്റ് ആയി സേവനമനുഷ്ഠിച്ച വരികയാണ്. തന്റെ LDC സർവീസ് വെയ്റ്റേജ് കണക്കാക്കിയ ശമ്പള പരിഷ്കരണത്തിനുള്ള സർക്കാർ അനുമതി നൽകണമെന്നും ടി തുക തിരിച്ച പിടിക്കാൻ നൽകിയ നിർദേശം നടപ്പിലാക്കിയാൽ തനിക്കു 27 വർഷം ആകെ സേവനം നടത്തിയതിന് ലഭിച്ച ആനുകൂല്യങ്ങൾ നഷ്ടപ്പെടുമെന്നും ടിയാൻ. നേരിൽ കേൾക്കവേ അറിയിക്കുകയുണ്ടായി. Service എന്ന പദത്തിന് ശമ്പള പരിഷ്കരണ ഉത്തരവ് നിർവചനം പരാമർശം (1) പ്രകാരം ട്രിഡ എന്ന സ്വയം ഭരണ അതോറിറ്റിയിലെ ജീവനക്കാരനായി PSC യിലൂടെ ജോലിയിൽ പ്രവേശിച്ച തനിക്കും മുൻ സർവീസ് കണക്കാക്കാൻ അർഹത നല്കണമെന്നുമുള്ള ആവശ്യം ഹിയറിങ്-ലും ആവർത്തിച്ചു. യൂണിവേഴ്സിറ്റി ജീവനക്കാർക്ക് മുൻ സർക്കാർ സേവനം വെയിറ്റേജ് ആനുകൂല്യത്തിന് കണക്കാക്കുമ്പോൾ TRIDA എന്ന സ്വയംഭരണ സ്ഥാപനം ഇപ്രകാരം നൽകിയ ആനുകൂല്യം പിൻവലിക്കുന്നത് നീതിക്കു നിരക്കുന്നതല്ല എന്ന വാദവും വീണ്ടും ഉന്നയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒരു സ്ഥാപനത്തിലെ സേവനം അംഗീകരിക്കുന്നതിന്റെ ഭാഗമായി സർക്കാർ നൽകുന്ന ആനുകൂല്യമാണ് സർവ്വീസ് വെയിറ്റേജ്. ഓരോ സർവ്വീസിലുമുള്ള ജീവനക്കാർക്ക് സർവ്വീസ് വെയിറ്റേജ് നൽകുന്നത് അതാത് സർവ്വീസിലെ മുൻകാല സേവനം പരിഗണിച്ചാണ്. അതിൻ പ്രകാരം ട്രിഡയിലെ ജീവനക്കാർക്ക് സർവ്വീസ് വെയിറ്റേജ് നൽകേണ്ടത് ട്രിഡയിലെ സേവനകാലം മാത്രം പരിഗണിച്ചാണ്. എട്ടാം ശമ്പള പരിഷ്കരണം ട്രിഡയിൽ നടപ്പാക്കിയപ്പോൾ മുൻകാല സർക്കാർ സേവനകാലം സർവ്വീസ്

വെയിറ്റേജിന് പരിഗണിച്ചിരുന്ന നടപടി തെറ്റാണെന്നും ആയതിന് സർക്കാരിന്റെ അനുമതി വാങ്ങേണ്ടതാണെന്നുമുള്ള വസ്തുതകൾ ഒൻപതാം ശമ്പള പരിഷ്കരണ സമയത്ത് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ നിർദ്ദേശിച്ച പ്രകാരമാണ് സർക്കാരിന്റെ പരിഗണനയ്ക്കെത്തുന്നത്. എട്ടാം ശമ്പള പരിഷ്കരണം ട്രിഡയ്ക്ക് അനുവദിച്ച് കൊണ്ടുള്ള പരാമർശം (3)- ലെ എട്ടാം ശമ്പളപരിഷ്കരണ ഉത്തരവിലെ എല്ലാ നിബന്ധനകളും വ്യവസ്ഥകളും അതേപടി ട്രിഡയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ടെങ്കിലും ടി നിബന്ധനകളും വ്യവസ്ഥകളും ട്രിഡയുടെ മാത്രം സർവ്വീസിനെ ബാധകമാക്കിക്കൊണ്ടാണ് പരാമർശം (1)ലെ ഉത്തരവു പ്രകാരം ട്രിഡയിലെ ജീവനക്കാർക്ക് ശമ്പളം പരിഷ്കരിച്ച് നൽകിയത്. ടി ഉത്തരവിൽ പൊതുമേഖല/സ്വയംഭരണ ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മുൻകാല സർക്കാർ സേവനകാലം സർവ്വീസ് വെയിറ്റേജിന് പരിഗണിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നില്ല. പരാമർശം (3)ഉത്തരവിലെ (f) നമ്പർ clause തെറ്റായി വ്യാഖ്യാനിച്ചാണ് 2006 ൽ ട്രിഡ ജീവനക്കാരുടെ മുൻകാല സർക്കാർ സേവനകാലം വെയിറ്റേജിന് പരിഗണിച്ചിരിക്കുന്നത്. 25.03.2006 ലെ G.O.(P)No.145/2006/Fin ഉത്തരവിലെ വ്യവസ്ഥകൾ അതേപടി ബാധകമാകുന്നത് സർക്കാർ സർവ്വീസിലെ ജീവനക്കാർക്ക് മാത്രമാണ് എന്നിരിക്കെ മേൽ നടപടിയുടെ അതേ മാനദണ്ഡം സ്വീകരിച്ച് 2009 ശമ്പള പരിഷ്കരണത്തിലും മുൻകാല സർക്കാർ സേവനകാലം സർവ്വീസ് വെയിറ്റേജിന് പരിഗണിക്കണമെന്ന ആവശ്യം യുക്തിസഹമല്ല. ഏതെങ്കിലും സർക്കാർ വകുപ്പിൽ നിന്നും മാറി ട്രിഡ പോലുള്ള ഗ്രാന്റ്-ഇൻ എയ്ഡ്, അല്ലെങ്കിൽ മറ്റ് പൊതുമേഖലാ/സ്വയംഭരണ/സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്നവർക്കും അതുപോലെ പൊതുമേഖല/സ്വയം ഭരണ/ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളിലേതെങ്കിലുമൊന്നിൽ നിന്നുമാറി മറ്റൊന്നിൽ സേവനമുഷ്ഠിക്കുന്നവർക്കും മുൻകാല സേവനം സർവ്വീസ് വെയിറ്റേജിന് പരിഗണിക്കുന്ന നടപടി ശമ്പള പരിഷ്കരണ തത്വങ്ങൾക്കും സർക്കാർ കീഴ്വഴക്കങ്ങൾക്കും എതിരാണ്. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെല്ലാം ഈ കീഴ്വഴക്കങ്ങൾ നിലനിൽക്കെ ട്രിഡയിലെ ജീവനക്കാർക്ക് മാത്രം ഇതിൽ ഇളവു നൽകുന്നത് തെറ്റായ നടപടിയാണ് ആയതിനാൽ 2009 ശമ്പള പരിഷ്കരണത്തിൽ ട്രിഡ ജീവനക്കാരുടെ മുൻകാല സർക്കാർ സേവനകാലം വെയിറ്റേജിന് പരിഗണിച്ച നടപടി സാധൂകരിക്കാവുന്നതല്ലെന്നും 2009 ശമ്പള പരിഷ്കരണ പ്രകാരം ഇത്തരത്തിൽ ശമ്പളം ക്രമീകരിച്ച് നൽകിയിട്ടുണ്ടെങ്കിൽ അത് 30.01.2013 ലെ 12/2013/ധന നമ്പർ സർക്കുലർ, 25.10.2013 ലെ 82/13/ധന നമ്പർ സർക്കുലർ എന്നിവ പ്രകാരം TRIDA തിരിച്ചു പിടിക്കേണ്ടതുമാണ് എന്നും ഉത്തരവ് പുറപ്പെടുവിക്കുന്നു.

20.06.2017 ലെ WP(C) No.20416/17 നമ്പറുള്ള ഹൈക്കോടതി ഉത്തരവ് ഇപ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**

**ലീന എൻ.പി.**
**അണ്ടർ സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, ട്രിഡ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) (എൽ.ബി.എ) കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ (ഡെവ.) വകുപ്പ് ( ഡെവ-1/323/2015-ഫിൻ പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻപ്രകാരം**

**സെക്ഷൻ ഓഫീസർ**